മുദ്രകൾ

# പെൺഭ്രൂണഹത്യയെക്കുറിച്ച് സെമിനാർ



■ പെൺഭ്രൂണഹത്യയെക്കുറിച്ചുള്ള ഹിന്ദി പുസ്തകം ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി ജനറൽ നുസ്രത്ത് അലി (ഇടത്തുനിന്ന് രണ്ടാമത്) പ്രകാശനം ചെയ്യുന്നു

**കഴിഞ്ഞ** ജൂൺ 13-ന് ന്യൂദൽഹിയിലെ ഹിന്ദി ഭവനിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി സംഘടിപ്പിച്ച പെൺഭ്രൂണഹത്യക്കെതിരെയുള്ള ബോധവത്കരണ സെമിനാർ വിവിധ മതനേതാക്കളുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി. കാൺപൂരിൽ നിന്നെത്തിയ സ്വാമി ലക്ഷ്മി ശങ്കരാചാര്യ, ഇന്ത്യയിൽ ചിലയിടങ്ങളിലെങ്കിലും മാതാക്കൾ സ്വന്തം പെൺകുഞ്ഞുങ്ങളെ കഴുത്ത് ഞെരിച്ച് വളരെ ക്രൂരമായ രീതിയിൽ കൊല്ലുന്നുണ്ടെന്ന് വെളിപ്പെടുത്തി. ഖുർആനെ അദ്ദേഹം പ്രത്യേകം പ്രശംസിച്ചു. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ നാം പിൻപറ്റിയിരുന്നെങ്കിൽ പെൺഭ്രൂണഹത്യ എന്ന പ്രശ്നം തന്നെ ഉണ്ടാവുമായിരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. "ഇന്ന് അറബ്-മുസ്‌ലിം രാജ്യങ്ങൾ ഇങ്ങനെയൊരു പ്രശ്നം തന്നെ അഭിമുഖീകരിക്കുന്നില്ല. പെൺഭ്രൂണഹത്യക്ക് പ്രധാന കാരണം സ്ത്രീധനമാണ്. രണ്ടോ മൂന്നോ പെൺകുട്ടികൾ ഉണ്ടായാൽ അവരെ വളർത്താനും വിദ്യാഭ്യാസം ചെയ്യിക്കാനും പിന്നെ കെട്ടിച്ചയക്കാനും വലിയൊരു തുക ചെലവഴിക്കേണ്ടിവരുമെന്ന് ജനം ഭയപ്പെടുന്നു. 'ഇന്ന് 500 ചെലവഴിക്കുക, നാളെ അഞ്ചു ലക്ഷം ലാഭിക്കുക' തുടങ്ങിയ ബീഭത്സമായ ഗർഭഛിദ്രപരസ്യങ്ങൾ വരെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ അന്തസ്സ് ചവിട്ടിയരക്കുന്ന ഒരു മാരകരോഗമായി പെൺഭ്രൂണഹത്യയെ കാണേണ്ടതാണ്."

പെൺഭ്രൂണഹത്യയെക്കുറിച്ച് പുസ്തകമെഴുതിയ ജൈനമത നേതാവ് വൈ. ലോകേഷ്, സമ്പന്ന കുടുംബങ്ങളിലാണ് ഇത് വ്യാപകമായി നടക്കുന്നതെന്ന് ചൂണ്ടിക്കാട്ടി. അതിനാൽ ദാരിദ്ര്യമോ വിദ്യാഭ്യാസത്തിന്റെ അഭാവമോ അല്ല മുഖ്യ കാരണമെന്ന് വരുന്നു. ജനങ്ങളുടെ മനഃസ്ഥിതി മാറിയെങ്കിലേ പ്രശ്നം പരിഹരിക്കാനാവൂ. അതിനാൽ സാമൂഹിക, മതസംഘടനകൾ മനഃപരിവർത്തനത്തിനാണ് ശ്രമിക്കേണ്ടത്. ദൽഹി യൂനിവേഴ്സിറ്റി പ്രഫസർ ബിജയലക്ഷ്മി നന്ദ പഞ്ചാബ്, ഹരിയാന, മഹാരാഷ്ട്ര തുടങ്ങിയ താരതമ്യേന സമ്പന്നമായ സംസ്ഥാനങ്ങളിലാണ് പെൺഭ്രൂണഹത്യ ഏറ്റവും കൂടുതൽ നടക്കുന്നതെന്ന് പറഞ്ഞു. ഇഅ്ജാസ് അസ്‌ലം, ഇഖ്ബാൽ മുല്ല, എം.ഡി തോമസ്, ജെ.എസ് വേദാന്തി എന്നിവരും സംസാരിച്ചു.

'പെൺഭ്രൂണഹത്യ- കാരണങ്ങളും പരിഹാരങ്ങളും' എന്ന പേരിൽ ന്യൂദൽഹിയിലെ മർകസി മക്തബ ഹിന്ദിയിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പ്രകാശനം ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി ജനറൽ നുസ്രത്ത് അലി നിർവഹിച്ചു. ■

# അമേരിക്കൻ ഇടപെടലിനെതിരെ പ്രക്ഷോഭ പരമ്പര

**പാകിസ്താൻ** ജമാഅത്തെ ഇസ്‌ലാമി നാടിന്റെ നാനാ ഭാഗങ്ങളിൽ അമേരിക്കൻവിരുദ്ധ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുന്നു. കറാച്ചിയിലെ എം.എ ജിന്ന റോഡിൽ നടന്ന കൂറ്റൻ പ്രതിഷേധ പ്രകടനത്തിൽ ലക്ഷക്കണക്കിനാളുകളാണ് അണിനിരന്നത്. 'Go America Go' എന്ന ബാനറിലാണ് പ്രക്ഷോഭങ്ങൾ. അമേരിക്കൻ കടന്നാക്രമണങ്ങൾ ഇനിയും തുടർന്നാൽ ജനം പേടിച്ച് വീട്ടിനുള്ളിൽ തന്നെ ഇരുന്നുകൊള്ളും എന്ന് ഭരണാധികാരികൾ തെറ്റിദ്ധരിക്കരുതെന്ന് പാക് ജമാഅത്ത് അധ്യക്ഷൻ സയ്യിദ് മുനവ്വർ ഹസൻ മുന്നറിയിപ്പ് നൽകി. അമേരിക്കയെ ചെറുക്കാൻ അവർ സംഘടിക്കും.



■ പാക് ജമാഅത്ത് കറാച്ചിയിൽ സംഘടിപ്പിച്ച അമേരിക്കൻ വിരുദ്ധ റാലി

പാക് സൈന്യത്തെ അമേരിക്കൻ നയങ്ങളുടെ നടത്തിപ്പുകാരായി മാറ്റിയിരിക്കുകയാണ് ഭരണകൂടം. പ്രശ്നത്തിന്റെ വേര് അമേരിക്കൻ ഇടപെടലാണ്. അമേരിക്കൻ ഇടപെടൽ അവസാനിപ്പിച്ചാൽ ഭീകരതയും താനെ ഇല്ലാതാവും. താലിബാൻവത്കരണം എന്ന് ഒച്ചവെച്ചുകൊണ്ട് അതിന്റെ മറവിൽ അമേരിക്കനൈസേഷനാണ് നടപ്പാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്- മുനവ്വർ ഹസൻ ചൂണ്ടിക്കാട്ടി. ■